**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6093** **04.07.2019 ൽ മറുപടിയ്ക്ക്**

**പത്തനംതിട്ടയിൽ 'ഗ്രോ മോർ ഫുഡ്' പദ്ധതി പ്രകാരം അനുവദിച്ച ഭൂമിയ്ക്ക് പട്ടയം**

**ചോദ്യം**

**ശ്രീ. രാജു എബ്രഹാം**

**മറുപടി**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | പത്തനംതിട്ട ജില്ലയിൽ 'ഗ്രോ മോർ ഫുഡ്' പദ്ധതി പ്രകാരം അനുവദിച്ച എത്ര ഏക്കർ ഭൂമിക്കാണ് ഇനിയും പട്ടയം വിതരണം ചെയ്യാനുള്ളതെന്ന് കർഷകരുടെ എണ്ണം, വില്ലേജ് എന്നിവ തിരിച്ച് വ്യക്തമാക്കാമോ; | (എ) 1942 ൽ ധാന്യവിളകൾക്കും കപ്പ കൃഷിയ്ക്കുമായി 3 വർഷക്കാലത്തേയ്ക്ക് വനഭൂമി വിട്ടു കൊടുത്ത പ്രദേശങ്ങളാണ് നിലവിൽ ഭക്ഷ്യോൽപ്പാദന മേഖലയായി അറിയപ്പെടുന്നത്. ടി മേഖലയിലെ കൈവശക്കാർക്ക് മുൻപ് കുറച്ച് പട്ടയങ്ങൾ FP പട്ടയം എന്ന് രേഖപ്പെടുത്തി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കൈവശക്കാർ കൃഷിയ്ക്കായി വിട്ടുനൽകിയ ഭൂമി കൂടാതെ വനഭൂമിയും അനധികൃതമായി കയ്യേറിയിരുന്നു. നിലവിലെ കൈവശങ്ങളിൽ ഭൂരിഭാഗവും 01.01.1977 ന് മുമ്പുള്ള വനഭൂമി കയ്യേറ്റത്തിൽ ഉൾപ്പെട്ടിട്ടുള്ളതും 90% കൈവശങ്ങളും ജോയിന്റ് വേരിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ കേന്ദ്രഗവൺമെന്റിന്റെ അനുമതിയ്ക്ക് വിധേയമായി മാത്രമേ പട്ടയം നൽകാൻ സാധിക്കുകയുള്ളൂ. നിലവിൽ വനംവകുപ്പ് സ്ഥാപിച്ചിട്ടുള്ള ജണ്ടകളല്ലാതെ വനഭൂമിയേത്, റവന്യൂ ഭൂമിയേത്, വനഭൂമിയിൽ തന്നെ ഡിസ്റിസർവ് ചെയതേത്, ചെയ്യാത്തതേത്, ഭക്ഷ്യോൽപ്പാദന മേഖലയായി പ്രഖ്യാപിക്കപ്പെട്ട പ്രദേശമേത് എന്ന് ആധികാരികമായി മനസ്സിലാക്കാൻ ആവശ്യം വേണ്ട അടിസ്ഥാന രേഖകൾ ലഭ്യമല്ലാത്തതിനാലും 90% കൈവശങ്ങളും ജോയിന്റ് വേരിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടുള്ളതിനാലും 1993 ലെ കേരളാ ഭൂമി പതിച്ചു നൽകൽ (1-1-1977 നു മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ |

| | | |
|---|---|---|
| | | ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികൾ കൈകൊണ്ടുവരുന്നു. ഇനിയും പട്ടയം വിതരണം ചെയ്യാനുള്ള കർഷകരുടെ എണ്ണവും ഭൂമിയും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) | 1.1.77-ന് മുമ്പുള്ള ഇത്തരം കൃഷി ഭൂമിയിൽ വനം - റവന്യൂ വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്തി അതിരുകല്ലുകൾ സ്ഥാപിച്ചത് എത്ര ഭൂമിക്കാണ്; ഇവർക്ക് പട്ടയം നൽകാൻ കഴിയാത്തതിന്റെ കാരണവും പട്ടയം നൽകാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ; എന്നത്തേക്ക് ഇവർക്ക് പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) പത്തനംതിട്ട ജില്ലയിൽ 01.01.1977-ന് മുമ്പ് വനഭൂമി കയ്യേറി വച്ചുവരുന്ന ഭൂമിയ്ക്ക് പട്ടയം അനുവദിക്കുന്നതിലേക്കായി വനംവകുപ്പുമായി ചേർന്നു നടത്തിയ സംയുക്ത പരിശോധനയിൽ 1970.04 ഹെക്ടർ (റാന്നി 223.72.37, കോന്നി 1642.16.63, മല്ലപ്പള്ളി 104.15.00) വന ഭൂമി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതും 5154 പേരടങ്ങുന്ന സംയുക്ത പരിശോധനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതുമാണ്. 1993 ലെ കേരളാ ഭൂമി പതിച്ചു നൽകൽ (1-1-1977 നു മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തിൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരമാണ് പട്ടയം നൽകേണ്ടത്. ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതായിട്ടുണ്ട്. ഇതിനായി വന ഭൂമി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള 1970.04 ഹെക്ടർ ഭൂമിയുടെ വിവരങ്ങൾ വനം വകുപ്പിന്റെ സഹായത്തോടെ കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വനം വകുപ്പുമായി ഭൂമി സംബന്ധിച്ച തർക്കവും മതിയായ റവന്യൂ രേഖകളുടെ അഭാവം മൂലവുമാണ് പ്രസ്തുത ഭൂമിയ്ക്കു പട്ടയം നൽകാൻ കാലതാമസമുണ്ടായത്. |

സെക്ഷൻ ഓഫീസർ